

# Delilah (ദെലീല)

ദൈവഹിതമനുസരിച്ച് ജിവിച്ച നല്ല സ്ത്രികളുടെ കുട്ടത്തിൽ വിശുദ്ധനെ വിഴ്ത്തുവാൻ സാത്താനുപയോഗിച്ച ദെലീല എന്ന സ്ത്രിയെ വെറും പതിനെട്ട് വാക്യങ്ങളിൽ (ന്യായാ:16:4-22) രേഖപ്പെടുത്തിയത് മാനുഷജാതിയ്ക്ക് ഒരു മുന്നറിയിപ്പ് നൽകുവാനാണ് . സദാചാരത്തെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്ന നാസിർ വ്രതസ്ഥരും, സന്മാർഗ്ഗികളും ദെലിലമാർ ഒരുക്കുന്ന (ലോകമാകുന്ന ദെലീലമാർ) മരണക്കെണിയിലേക്ക് വീഴാതിരിപ്പാൻ അവരുടെ സ്വഭാവത്തെ അറിയുന്നത് നല്ലതാണ്.

## (സ്വഭാവ വൈകൃതങ്ങൾ)

### (1) കാഞ്ഞിരം പോലെ കൈപ്പുള്ളവൾ

പരസ്ത്രിയുടെ അധരങ്ങൾ തേൻ ഇറ്റിറ്റു വീഴുന്നതു പോലെയാണെങ്കിലും പിന്നെത്തേതിൽ അതു കാഞ്ഞിരം പോലെ കൈപ്പുള്ളതാണ് ,കെണി(trap) ഒരുക്കിവച്ചതാണെന്നറിയാതെ പക്ഷിചെന്ന് വിഴുന്നതുപോലെ (സദൃ: 7:23) വേശ്യ ഒരുക്കുന്ന മോഹവലയിലേക്ക് ബദ്ധപ്പെടുന്നവരാകാതെ ഒഴിഞ്ഞ് മാറുക,അതിൽ കണ്ണ് ഉടക്കരുത്. ശിംശോന് തന്റെ മഹാശകതിയാൽ സിംഹത്തെ വലിച്ചുകീറുവാനും, കഴുതയുടെ താടിയെല്ലുകൊണ്ട് ആയിരങ്ങളെ കൊന്ന് കൂട്ടുവാനും കഴിഞ്ഞു. എന്നാൽ ഇന്ദ്രിയങ്ങളെ അടക്കുവാൻ കഴിവില്ലാത്തവനായി ജഢമോഹി

യുടെ വലയിൽ വീണു. പരിശുദ്ധാത്മാവ് മുന്നു പ്രാവശ്യം അവന്റെ മേൽ വന്നതാണ്. എന്നിട്ടും കാഞ്ഞിരംപോലെ കൈപ്പുള്ളവളോട് ചേർന്ന് അവന്റെ ജിവിതവും അവൻ കൈപ്പാക്കിത്തീർത്തു.

**(2) വഞ്ചനയുടെ ഉറവിടം**

പുതിയ നിയമത്തിലെ വഞ്ചനയുടെ പുരുഷരൂപമാണ് യൂദ എങ്കിൽ പഴയനിയമത്തിലെ വഞ്ചനയുടെ സ്ത്രീരൂപമാണ് ദെലീല, യൂദ മുപ്പതു വെള്ളിക്കാശിന് ഗുരുവിനെ വഞ്ചിച്ചപ്പോൾ,ഫെലിസ്ത്യ പ്രഭുക്കന്മാർ ഓരോരുത്തനിൽ നിന്നും ആയിരത്തി ഒരുനൂറ് വെള്ളിപ്പണം വാങ്ങിയാണ് ദെലീല, ശിംശോനെ വഞ്ചിച്ചത്. സുന്ദരിയായ ഇവളുടെ ഹൃദയം വഞ്ചനയാൽ ഇരുട്ട് വ്യാപിച്ചിരിക്കുന്നതാണ്. ആത്മീകതയുടെയും , ധാർമ്മീകതയുടെയും പേരിൽ വഞ്ചനയുടെ പണം സ്വീകരിക്കുന്നവർ ഓർക്കുക നിങ്ങൾ സാത്താന്റെ പാളയത്തിലാണെന്ന്.

**(3) പുരുഷനെ ഒതുക്കുന്ന വേശ്യ**

വചനസത്യങ്ങളെ ഏറ്റെടുക്കാത്തവരാണ്, വേശ്യാ സ്ത്രീയുടെ വശീകരണ വലയിൽ അകപ്പെടുന്നത്. ഹൃദയത്തിൽ ഉപായം പൂണ്ടവൾ വിലയേറിയ ജീവനുകളെ വേട്ടയാടുന്നു. പല അടവുകൾ നോക്കിയിട്ടും മഹാശക്തിയുടെ രഹസ്യം മനസ്സിലാക്കുവാൻ കഴിയാതെ അവസാനത്തെ അടവ് പുറത്തെടുത്തു. കണ്ണുനീർ ഉപയോഗിച്ച് കാര്യം മനസ്സിലാക്കി തന്റെ തഴുകലിൽ മയക്കി, ഉറക്കി, ഒതുക്കി.

വിശ്വാസിയെ ഒതുക്കുന്ന വഴി ലോകമാകുന്ന ദെലീല ഒരുക്കി വച്ചിട്ടുണ്ട്. അതായത് ജാതികളുമായുള്ള കൂട്ടുകെട്ട് വളരെ ഭംഗിയായി തോന്നാം. യുവജനങ്ങൾ പല ന്യായങ്ങളും കണ്ടെത്തിയെന്നും വരാം. വേർപാട് സൂക്ഷിക്കേണ്ടവർ 'ഇരിക്കരുത്, നിൽക്കരുത്, നടക്കരുത്' എന്ന മൂന്ന് അതിരുകൾ പാലിച്ചേ മതിയാകുകയുള്ളൂ. ഈ മുന്നറിയിപ്പനുസരിച്ചാലേ, നമ്മുടെ വഴിയാത്ര ജീവന്റെ വഴിയിൽ ആകുകയുള്ളൂ.

**(4) സാത്താന്റെ ആയുധം**

ലോകമനുഷ്യനെയല്ല സാത്താന് വേണ്ടത്, വേർപാട് സൂക്ഷിക്കുന്ന ദൈവപൈതലിനെയാണ്. ഇതിനായി സാത്താൻ ഉപയോഗിക്കുന്ന ആയുധങ്ങളാണ് പണം, സൗന്ദര്യം, ബഹുമതി,ഔദ്യോഗിക ജീവിതത്തിലെ

ഉയർച്ചയ്ക്കുള്ള ആഗ്രഹം മുതലായവ. ഇവ ദുരുപയോഗം ചെയ്യുന്നവരെല്ലാം മാത്രമല്ല ഇവയിൽ ഏതെങ്കിലും ഒന്നിനു വേണ്ടി ദോഷവഴിയിൽ യാത്ര ചെയ്യുന്നവരും സാത്താന്റെ കയ്യിലെ ആയുധങ്ങളാണ്. അപ്പോൾ നാമും ദെലീലമാർക്ക് തുല്യരാകും.

**(5) ജീവിതവഴിയെ മരണവഴിയിൽ എത്തിക്കുന്നവൾ**

ജീവിതകാലം മുഴുവൻ നാസീർ (ദൈവത്തിന് വേർതിരിച്ചവൻ) ആയി കഴിയേണ്ടവൻ, ജീവന്റെ വഴി വിട്ട്, വേശ്യയുടെ മടിയിൽ വിശ്രമിച്ചപ്പോൾ മരണവഴിയിൽ ആയിത്തീർന്നു. മൂന്നുപ്രാവശ്യം ആത്മാവ് അവനിൽ വന്ന് ബന്ധനങ്ങളെ തകർത്തതാണ്. എന്നിട്ടും വീണ്ടും ദാഗോന്റെ ക്ഷേത്രത്തിൽ ബന്ധനത്തിലായപ്പോഴുള്ള പ്രാർത്ഥനയിൽ ഒരിക്കൽകൂടി ദൈവം അവനെ മഹാശക്തനാക്കി, ജീവിതകാലത്ത് കൊന്നവരേക്കാൾ കൂടുതൽ അവന്റെ മരണസമയത്ത് അവനോടൊപ്പം അവസാനിപ്പിക്കുവാൻ കഴിഞ്ഞു.

ലോകമാകുന്ന, ദെലീലയുടെ പിടിയിലായാൽ, പിടിയിലാകുന്നവർ മാത്രമല്ല, അനേകർ മരണത്തിനിരയാകും എന്ന് മറക്കരുത്. ദൈവം നമുക്കു തന്ന ബുദ്ധി, ആരോഗ്യം, സമ്പത്ത്, സൗന്ദര്യം ഇവ ഒന്നും സാത്താനടിയറവ് വയ്ക്കരുത് എന്ന മുന്നറിയിപ്പു നൽകുവാനാണ് ഈ ചരിത്രം പരിശുദ്ധാത്മാവ് കാട്ടി തന്നത്. നമ്മുടെ വിശ്വാസകപ്പൽ തകരാതിരിപ്പാൻ ദൈവം സഹായിക്കട്ടെ. വേർപാട് സൂക്ഷിപ്പാൻ ദൈവം കൃപ ചെയ്യട്ടെ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind